

# ജനഹിതം

## വാർത്താപത്രിക

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, കേരളം

ഒക്ടോബർ 2025 | ലക്കം 10




## തദ്ദേശപൊതുതിരഞ്ഞെടുപ്പ്

# അന്തിമ വോട്ടർപട്ടിക ഒക്ടോബർ 25ന്

എല്ലാ വോട്ടർമാർക്കും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ സവിശേഷ തിരിച്ചറിയൽ നമ്പർ നൽകി കൊണ്ട് പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി അന്തിമ വോട്ടർപട്ടിക ഒക്ടോബർ 25ന് പ്രസിദ്ധീകരിക്കും. തദ്ദേശ വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനും, ഒഴിവാക്കുന്നതിനും, സ്ഥാനമാറ്റം വരുത്തുന്നതിനും, ഉൾക്കുറിപ്പുകളിൽ ഭേദഗതി വരുത്തുന്നതിനുമുള്ള അവസരം ഒക്ടോബർ 14ന് അവസാനിച്ചിരുന്നു. വോട്ടർപട്ടിക പുതുക്കലിന് വേണ്ടിയുള്ള കരട് വോട്ടർപട്ടിക സെപ്തംബർ 29 ന് പ്രസിദ്ധീകരിച്ചിരുന്നു. 2025 സെപ്തംബർ 2 ന് പുതുക്കി പ്രസിദ്ധീകരിച്ച അന്തിമ വോട്ടർപട്ടികയാണ് കരടായി പ്രസിദ്ധീകരിച്ചിരുന്നത്. കരട് വോട്ടർപട്ടികയിൽ 2,83,12,458 വോട്ടർമാരാണുള്ളത്. 1,33,52,947 പുരുഷന്മാരും, 1,49,59,235 സ്ത്രീകളും, 276 ട്രാൻസ്ജെൻഡറുമാണ് കരട് വോട്ടർ പട്ടികയിലുള്ളത്. ഇതിനു പുറമെ 2087 പ്രവാസി വോട്ടർമാരും പട്ടിക യിലുണ്ട്. പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി 941 പഞ്ചായത്തുകളിലെ 17337 നിയോജകമണ്ഡലങ്ങളിലെയും, 87 മുനിസിപ്പാലിറ്റികളിലെ 3240 വാർഡുകളിലെയും, 6 മുനിസിപ്പൽ കോർപ്പറേഷനുകളിലെ 421 വാർഡുകളിലെയും വോട്ടർപട്ടികയാണ് പുതുക്കുന്നത്.

**കരട് വോട്ടർപട്ടികയിൽ**
**2,83,12,458 വോട്ടർമാർ**
**1,33,52,947 പുരുഷന്മാർ**
**1,49,59,235 സ്ത്രീകൾ**
**276 ട്രാൻസ്ജെൻഡർ**

**SEC എന്ന ഇംഗ്ലീഷ് അക്ഷരങ്ങളും 9 അക്കങ്ങളും ചേർന്നതാണ് സവിശേഷ തിരിച്ചറിയൽ നമ്പർ**

## തദ്ദേശസ്ഥാപന വോട്ടർപട്ടിക

### വോട്ടർമാർക്ക് സവിശേഷ

# തിരിച്ചറിയൽ നമ്പർ

ഇനി മുതൽ തദ്ദേശസ്വയംഭരണതിരഞ്ഞെടുപ്പിനുള്ള വോട്ടർപട്ടികയിൽ ഉൾപ്പെട്ട എല്ലാ വോട്ടർമാർക്കും സവിശേഷ തിരിച്ചറിയൽനമ്പർ ഉണ്ടാകും. SEC എന്ന ഇംഗ്ലീഷ് അക്ഷരങ്ങളും 9 അക്കങ്ങളും ചേർന്നതാണ് സവിശേഷ തിരിച്ചറിയൽ നമ്പർ. തദ്ദേശ സ്ഥാപന വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട എല്ലാ തുടർ നടപടികൾക്കും, അന്വേഷണങ്ങൾക്കും വോട്ടർമാർ ഈ സവിശേഷ തിരിച്ചറിയൽ നമ്പർ പ്രയോജനപ്പെടുത്തേണ്ടതാണ്. ചില വോട്ടർമാർക്ക് അവർ നൽകിയതുപ്രകാരമുള്ള കേന്ദ്രതിരഞ്ഞെടുപ്പ് കമ്മീഷന്റെ വോട്ടർതിരിച്ചറിയൽ കാർഡ് നമ്പർ (EPIC Number), 2015 മുതൽ വോട്ടർമാരായവർക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ തിരിച്ചറിയൽ നമ്പർ, മറ്റുള്ളവർക്ക് തിരിച്ചറിയൽ നമ്പരൊന്നുമില്ലാത്ത രീതിയിലുമാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ വോട്ടർ പട്ടികയിൽ ഇതുവരെ വോട്ടർമാരുടെ വിവരങ്ങൾ തയ്യാറാക്കിയിരുന്നത്. ഇനി മുതൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ വോട്ടർപട്ടികയിലുള്ള വോട്ടർമാർക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രത്യേക തിരിച്ചറിയൽ നമ്പർ മാത്രമേ പട്ടികയുടെ ഉൾക്കുറിപ്പിൽ ഉണ്ടാകുകയുള്ളൂ. എന്നാൽ വോട്ടർ പട്ടികയിൽ പേര് തിരയുന്നതിന് നിലവിലുണ്ടായിരുന്ന എല്ലാ ഓപ്ഷനുകളും തുടരും.


സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, ജനഹിതം, ടി.സി-27/6(2), വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം-695033,
ഫോൺ 0471 2325048, Email : cru.sec@kerala.gov.in, Website :www.sec.kerala.gov.in,
Facebook @ StateElectionCommissionKerala, Instagram : sec_kerala_official

# തദ്ദേശസ്ഥാപന വോട്ടർപട്ടികയിൽ പേരുണ്ടോയെന്ന് പരിശോധിക്കാം

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ www.sec.kerala.gov.in വെബ് സൈറ്റിലെ വോട്ടർ സെർച്ച് ( Voter search) ഓപ്ഷനിൽ ക്ളിക്ക് ചെയ്താൽ തദ്ദേശ സ്ഥാപന വോട്ടർ പട്ടികയിൽ പേരുണ്ടോയെന്ന് പരിശോധിക്കാം. സംസ്ഥാനം, തദ്ദേശ സ്ഥാപനം, വാർഡ് എന്നിങ്ങനെ മൂന്ന് തലങ്ങളിൽ തദ്ദേശ സ്ഥാപന തിരഞ്ഞെടുപ്പിനുള്ള വോട്ടർ പട്ടികയിൽ പേര് തിരയാൻ കഴിയും.

വോട്ടർ പട്ടികയിലേയ്ക്ക് അപേക്ഷിക്കമ്പോൾ നൽകിയിട്ടുള്ള പേര്, കേന്ദ്രതിരഞ്ഞെടുപ്പ് കമ്മീഷന്റെ വോട്ടർതിരിച്ചറിയൽ കാർഡ് നമ്പർ (EPIC) എന്നിവ നൽകി പേര് തിരയാം. EPIC കാർഡ് നമ്പർ രണ്ട് തരത്തിലുണ്ട്, പഴയതും പുതിയതും. തദ്ദേശസ്ഥാപന വോട്ടർ പട്ടികയിൽ അപേക്ഷിക്കമ്പോൾ ഇവയിലേതാണോ നൽകിയിട്ടുള്ളത്, അതുപയോഗിച്ച് തിരഞ്ഞാൽ മാത്രമേ പേര് കണ്ടെത്താൻ കഴിയുകയുള്ളൂ. ഇതു കൂടാതെ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള പഴയ SEC ID നമ്പരോ, പുതിയ SEC നമ്പരോ ഉപയോഗിച്ചും പേരുണ്ടോയെന്ന് പരിശോധിക്കാം.

സംസ്ഥാനതലത്തിൽ വോട്ടർ പട്ടികയിൽ പേരു തിരയാൻ വെബ് സൈറ്റിൽ പ്രവേശിച്ച് വോട്ടർ സർവ്വീസ് (Voter service) ക്ളിക്ക് ചെയ്യണം. അപ്പോൾ സെർച്ച് വോട്ടർ സ്റ്റേറ്റ് വൈസ് (Search Voter Statewise), സെർച്ച് വോട്ടർ ലോക്കൽബോഡി വൈസ് (Search Voter Localbodywise) സെർച്ച് വോട്ടർ വാർഡ് വൈസ് (Search Voter Wardwise) എന്നീ മൂന്ന് ഓപ്ഷനുകൾ സ്ക്രീനിൽ തെളിയും. ഇതിൽ സംസ്ഥാന തലത്തിൽ പേര് തിരയാൻ ആദ്യത്തെ സ്റ്റേറ്റ് വൈസ് ഓപ്ഷൻ ക്ളിക്ക് ചെയ്യണം. അപ്പോൾ സെർച്ച് ബൈ EPIC / Old SEC id , സെർച്ച് ബൈ New SEC Id എന്നീ രണ്ട് ഓപ്ഷനുകൾ മുകളിൽ ഇടതുവശത്തായി കാണാം. ഇതിൽ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ വോട്ടർ ഐഡി കാർഡ് നമ്പർ , സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ പഴയ SEC Id നമ്പർ, പുതിയ SECയും 9 അക്കങ്ങളും ചേർന്ന സവിശേഷ നമ്പർ എന്നിവ ഉപയോഗിച്ച് പേര് തിരയാവുന്നതാണ്. ഇനി ലോക്കൽബോഡിവൈസ് ഓപ്ഷൻ ക്ളിക്ക് ചെയ്ത് തദ്ദേശസ്ഥാപന തലത്തിലും പേര് തിരയാവുന്നതാണ്. ഇവിടെ ജില്ലയുടെ പേരും തദ്ദേശസ്ഥാപനത്തിന്റെ പേരും നൽകിയിട്ട് , വോട്ടറുടെ പേരോ, വോട്ടർ ഐഡി കാർഡ് നമ്പരോ (EPIC) , SECയുടെ പഴയതോ, പുതിയതോ ആയ നമ്പരോ എന്റർ ചെയ്ത് പേര് പരിശോധിക്കാം. അതു പോലെ സെർച്ച് വാർഡ് വൈസ് ക്ളിക്ക് ചെയ്തും വാർഡ് തലത്തിൽ വോട്ടറുടെ പേര് തിരയാവുന്നതാണ്. അപേക്ഷിക്കമ്പോൾ നൽകിയിട്ടുള്ള പേരും, വോട്ടർ ഐഡി കാർഡ് നമ്പരും കൃത്യമായി നൽകിയാൽ മാത്രമേ പരിശോധനയിൽ പേര് കണ്ടെത്താൻ കഴിയുകയുള്ളൂ.

ഇരട്ട വോട്ടുണ്ടെന്ന് ആർക്കെങ്കിലും പരാതിയുണ്ടെങ്കിൽ അക്കാര്യം ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറെ അറിയിക്കാവുന്നതാണ്.

## വാർഡ് സംവരണം: നറുക്കെടുപ്പ് ഒക്ടോബർ 21ന് അവസാനിക്കും

തദ്ദേശസ്ഥാപനങ്ങളിലേയ്ക്കുള്ള വാർഡുകളുടെ സംവരണം നിശ്ചയിക്കുന്നതിനുള്ള നറുക്കെടുപ്പ് നടപടികൾ ഒക്ടോബർ 21ന് അവസാനിക്കും. പൊതുതിരഞ്ഞെടുപ്പിനു മുന്നോടിയായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ നിയോജകമണ്ഡലങ്ങളുടെയും വാർഡുകളുടെയും സംവരണക്രമം നറുക്കെടുപ്പിലൂടെ തീരുമാനിക്കുന്നതിന് ഉദ്യോഗസ്ഥരെ അധികാരപ്പെടുത്തിയും, തീയതിയും, സമയവും, സ്ഥലവും നിശ്ചയിച്ചും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഒക്ടോബർ 7ന് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. വിജ്ഞാപനമനുസരിച്ച് ഒക്ടോബർ 13ന് ആരംഭിച്ച നറുക്കെടുപ്പ് നടപടികളാണ് 21ന് അവസാനിക്കുന്നത്. സ്ത്രീ, പട്ടികജാതി സ്ത്രീ, പട്ടികവർഗ്ഗ സ്ത്രീ, പട്ടികജാതി, പട്ടികവർഗ്ഗം എന്നീ വിഭാഗങ്ങൾക്ക് സംവരണം ചെയ്തിട്ടുള്ളത്രയും എണ്ണം സ്ഥാനങ്ങൾ ആവർത്തനക്രമമനുസരിച്ച് ഏത് നിയോജകമണ്ഡലങ്ങൾ, വാർഡുകൾക്കാണ് നൽകേണ്ടതെന്ന് തീരുമാനിക്കുന്നതിനാണ് നറുക്കെടുപ്പ് നടത്തുന്നത്. ഗ്രാമ, ബ്ളോക്ക്, ജില്ലാ പഞ്ചായത്തുകളുടെ സംവരണം അതാത് ജില്ലകളിലെ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനായ ജില്ലാ കളക്ടറും, മുനിസിപ്പൽ കൗൺസിലുകളിലേത് അതാത് തദ്ദേശസ്വയം ഭരണവകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർമാരും, മുനിസിപ്പൽ കോർപ്പറേഷനുകളിലേത് തദ്ദേശ സ്വയം ഭരണവകുപ്പ് അർബൻ ഡയറക്ടറുമാണ് നറുക്കെടുപ്പിലൂടെ നിശ്ചയിക്കുന്നത്.

## തദ്ദേശസ്ഥാപന തിരഞ്ഞെടുപ്പ്:
# സ്ഥലംമാറ്റങ്ങൾ നിരോധിച്ച് തിരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവ്

പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി സ്ഥലംമാറ്റങ്ങൾ നിരോധിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവായി. ഭരണപരമായ അടിയന്തര സാഹചര്യം നേരിടേണ്ട സാഹചര്യത്തിൽ സ്ഥലംമാറ്റം ആവശ്യമായി വരികയാണെങ്കിൽ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ ബോധ്യപ്പെടുത്തി മുൻകൂർ അനുമതി വാങ്ങേണ്ടതാണെന്ന് സംസ്ഥാന ചീഫ് സെക്രട്ടറി, എല്ലാ സർക്കാർവകുപ്പ്, സ്ഥാപന മേധാവികൾ എന്നിവരോട് കമ്മീഷൻ നിർദ്ദേശിച്ചു. തദ്ദേശസ്ഥാപന പൊതുതിരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയാകുന്നത് വരെ സർക്കാർ വകുപ്പുകൾ, സർക്കാർ, പൊതു മേഖലാ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്റ്റാറ്റിയൂട്ടറി ബോർഡുകൾ, കോർപ്പറേഷനുകൾ, സർവ്വകലാശാലകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവടങ്ങളിലെ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും സ്ഥലം മാറ്റാൻപാടില്ലെന്നാണ് കമ്മീഷൻ ഉത്തരവായിട്ടുള്ളത്.

## തദ്ദേശസ്ഥാപന പൊതുതിരഞ്ഞെടുപ്പ്:
# ജില്ലാകളക്ടർമാരുടെ യോഗം

തദ്ദേശ പൊതുതിരഞ്ഞെടുപ്പിന്റെ മുന്നൊരുക്ക പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ജില്ലാ കളക്ടർമാരുടെ യോഗം വിളിച്ച് ചേർത്തു. പോളിങ് സ്റ്റേഷനുകളുടെ പുന:ക്രമീകരണം, തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കുള്ള പരിശീലനം, വാർഡ് സംവരണം, വോട്ടർപട്ടിക പുതുക്കൽ തുടങ്ങിയ എല്ലാ നടപടികളും സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകി.

തിരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് നിയോഗിക്കാനുള്ള ഉദ്യോഗസ്ഥരുടെ വിവരശേഖരണം നടത്തുന്നതിന് വേണ്ടി ഒക്ടോബർ 3 മുതൽ സർക്കാർ ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം നിരോധിച്ച് കൊണ്ട് ഉത്തരവിറക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ചീഫ് സെക്രട്ടറിയോട് നിർദ്ദേശിച്ചിട്ടുണ്ടെന്ന് കമ്മീഷണർ അറിയിച്ചു.

മുന്നൊരുക്ക പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ തിരഞ്ഞെടുപ്പ് പരിപാടികളും ഹരിതചട്ടം പാലിച്ചുവേണം നടത്താനെന്ന് തിരഞ്ഞെടുപ്പ് കമ്മീഷണർ നിർദ്ദേശിച്ചു. അതിനു വേണ്ടി കുടുംബശ്രീ, ഹരിതകർമ്മസേന, ക്ലീൻകേരള കമ്പനി തുടങ്ങിയവയുടെ സേവനം വിനിയോഗിക്കണം. സെപ്തംബർ 23 ന് ഓൺലൈനായി ചേർന്ന യോഗത്തിൽ ജില്ലാകളക്ടർമാർ, സംസ്ഥാനതിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി ബി.എസ്.പ്രകാശ്, മറ്റുദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ പോലീസ് മേധാവിയുമായി ചർച്ച നടത്തി




തദ്ദേശസ്വയംഭരണ പൊതുതിരഞ്ഞെടുപ്പിന്റെ മുന്നൊരുക്ക പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ സംസ്ഥാന പോലീസ് മേധാവി റവാഡ എ ചന്ദ്രശേഖറുമായി ചർച്ച നടത്തി. തിരഞ്ഞെടുപ്പിനോടനുബന്ധിച്ചുള്ള ക്രമസമാധാനപാലന നടപടികൾ, പോലീസ് വിന്യാസം തുടങ്ങിയ കാര്യങ്ങൾ ഇരുവരും ചർച്ച ചെയ്തു. തിരഞ്ഞെടുപ്പ് കമ്മീഷൻ ആസ്ഥാനത്ത് നടന്ന യോഗത്തിൽ എഡിജിപി എസ്.ശ്രീജിത്ത്, എഐജിമാരായ മെറിൻ ജോസഫ്, ജി.പൂങ്കുഴലി , തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി ബി.എസ്.പ്രകാശ്, മറ്റുന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# വാർഡ് സംവരണം : നറുക്കെടുപ്പ് ആരംഭിച്ചു









## വരണാധികാരികൾക്കും ഉപവരണാധികാരികൾക്കുമുള്ള പരിശീലനം പൂർത്തിയായി

പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി വരണാധികാരികൾക്കും ഉപവരണാധികാരികൾക്കുമുള്ള പരിശീലനം പൂർത്തിയായി. ഒക്ടോബർ 6 മുതൽ 10 വരെയാണ് എല്ലാ ജില്ലകളിലും പരിശീലനം സംഘടിപ്പിച്ചത്. നാമനിർദ്ദേശപത്രിക സ്വീകരിക്കുമ്പോൾ മുതൽ ഫലപ്രഖ്യാപനം വരെയുള്ള വിവിധ ഘട്ടങ്ങളിൽ വരണാധികാരികളും ഉപവരണാധികാരികളും നിർവ്വഹിക്കേണ്ട ചുമതലകൾ സംബന്ധിച്ചായിരുന്നു പരിശീലനം. നാമനിർദ്ദേശം, വോട്ടെടുപ്പ്, വോട്ടെണ്ണൽ, ഇലക്ട്രോണിക് വോട്ടിങ് മെഷീൻ മാനേജ്മെന്റ് തുടങ്ങിയ വിഷയങ്ങളിൽജില്ലാ തല മാസ്റ്റർ ട്രെയിനർമാരാണ് പരിശീലനം നൽകിയത്.




# പത്രവാർത്തകളിലൂടെ

## വോട്ടർമാർക്ക് സവിശേഷ നമ്പർ: ഇരട്ടിപ്പും കള്ള വോട്ടും തടയുക ലക്ഷ്യം

കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ മാതൃകയിൽ തദ്ദേശ തിരഞ്ഞെടുപ്പിനായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനും വോട്ടർമാർക്ക് സവിശേഷ തിരിച്ചറിയൽ നമ്പർ നൽകുന്നു. തദ്ദേശ വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട എല്ലാ തുടർ നടപടികൾക്കും അന്വേഷണങ്ങൾക്കും വോട്ടർമാർക്ക് ഈ നമ്പർ ഉപയോഗിക്കാം. വോട്ടർ പട്ടികയിലെ ഇരട്ടിപ്പ് ഒഴിവാക്കാനും കള്ളവോട്ട് തടയാനും ഈ നമ്പർ പ്രയോജനപ്പെടുത്തുകയാണ് ലക്ഷ്യം. ഇന്ന് പ്രസിദ്ധീകരിക്കുന്ന കരട് വോട്ടർ പട്ടികയിലുള്ള 2.83 കോടി വോട്ടർമാർക്കും ഈ സവിശേഷ തിരിച്ചറിയാൻ നമ്പർ ഉണ്ടാകും. ഇതിനു പുറമേ പുതിയതായി പേര് ചേർക്കുന്നവർക്കും നമ്പർ ലഭിക്കും.

**(മലയാള മനോരമ, സെപ്റ്റംബർ 29)**

## ഇരട്ട വോട്ടർമാർക്ക് മത്സരിക്കാനാവില്ല - സുപ്രീംകോടതി

വോട്ടർപട്ടികയിൽ ഒന്നിലധികം സ്ഥലങ്ങളിൽ വോട്ടുള്ളവർക്ക് തിരഞ്ഞെടുപ്പിൽ മത്സരിക്കാനാവില്ലെന്ന് സുപ്രീംകോടതി. ഒന്നിലേറെ സ്ഥലത്ത് വോട്ട് ഉണ്ടെന്നതിന്റെ പേരിൽ മാത്രം സ്ഥാനാർത്ഥി പത്രിക തള്ളാൻ ആവില്ലെന്ന ഉത്തരാഖണ്ഡ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിലപാട് കോടതി തള്ളി. ഇരട്ട വോട്ടുണ്ടെങ്കിലും മത്സരിക്കാൻ അനുവദിച്ച് കമ്മീഷൻ പുറത്തിറക്കിയ സർക്കുലർ പഞ്ചായത്ത് രാജ് നിയമങ്ങൾക്ക് വിരുദ്ധമാണെന്ന് ചൂണ്ടിക്കാട്ടി ഉത്തരാഖണ്ഡ് ഹൈക്കോടതി സ്റ്റേ ചെയ്തിരുന്നു. ഹൈക്കോടതി ഉത്തരവിനെതിരെ അപ്പീലുമായാണ് കമ്മീഷൻ സുപ്രീം കോടതിയിൽ എത്തിയത്. അപ്പീൽ തള്ളിയ കോടതി ഇരട്ട വോട്ടിനെ ന്യായീകരിച്ച കമ്മീഷന് രണ്ട് ലക്ഷം രൂപയുടെ പിഴയും ചുമത്തി.

**(മാതൃഭൂമി, സെപ്റ്റംബർ 28)**

## ഇ. ആർ. ഒ മാർക്ക് പരിശീലനം നൽകി

തദ്ദേശ തെരഞ്ഞെടുപ്പിനുള്ള സംവരണം മണ്ഡലങ്ങൾ തിരഞ്ഞെടുക്കുന്നത് സംബന്ധിച്ച് ഇലക്ടറൽ രജിസ്ട്രേഷൻഓഫീസർമാർക്കും പഞ്ചായത്ത്, മുൻസിപ്പൽ സെക്രട്ടറിമാർക്കും പരിശീലനം നൽകി. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനും ഡിലിമിറ്റേഷൻ കമ്മീഷനുമാണ് പരിശീലനം സംഘടിപ്പിച്ചത്.

**(മലയാള മനോരമ, സെപ്റ്റംബർ 23)**

## സംവരണ വാർഡ് നറുക്കെടുപ്പ് : പഴയ വാർഡുകളിലെ ജനസംഖ്യ പരിശോധിക്കും

തദ്ദേശ സ്ഥാപനങ്ങളിലെ വിഭജിച്ച വാർഡുകളിൽ പഴയ വാർഡുകളിലെ എത്ര പേർ ഉൾപ്പെട്ടിട്ടുണ്ടെന്ന് പരിശോധിച്ച് പട്ടിക തയ്യാറാക്കുന്ന നടപടികൾ ആരംഭിച്ചു. അതത് തദ്ദേശ സ്ഥാപന സെക്രട്ടറിമാർക്കാണ് ചുമതല. ഒക്ടോബർ 13 മുതൽ 21 വരെ സംവരണ വാർഡുകളുടെ നറുക്കെടുപ്പ് നടത്താൻ തീരുമാനിച്ച സാഹചര്യത്തിലാണിത്. വാർഡുകൾ പുനർനിർണയിച്ചതിനാൽ, തുടർച്ചയായി സംവരണം വരുന്ന വാർഡുകൾ ഏതെന്ന് കണ്ടെത്തുക പ്രയാസമാണ്. മുൻപുണ്ടായിരുന്ന വാർഡിലെ 50 ശതമാനത്തിലേറെ പേർ പുതിയ വാർഡുകളിൽ ഉണ്ടെങ്കിൽ സംവരണ മാനദണ്ഡങ്ങൾ അതിന് ബാധകമാണ്. അതിനാലാണ് ഇതിനായി പട്ടിക തയ്യാറാക്കുന്നത്. ഒരു വാർഡിൽ രണ്ടു തവണയിലേറെ ആവർത്തിക്കരുതെന്ന് ഹൈക്കോടതി നിർദേശമുണ്ട്. അത്തരം വാർഡുകൾ മാറ്റിയാകും സംവരണം നിശ്ചയിക്കുക. സംവരണ ശതമാനത്തിന് ആവശ്യമായ വാർഡുകൾ തികഞ്ഞില്ലെങ്കിൽ നറുക്കെടുപ്പിലൂടെ ബാക്കി കണ്ടെത്തും. വനിത, പട്ടികജാതി വനിത, പട്ടികവർഗ്ഗ വനിത, പട്ടികജാതി, പട്ടികവർഗം എന്നിങ്ങനെ അഞ്ചുതരം സംവരണമാണുള്ളത്. ഇതിനിടെ തദ്ദേശസ്ഥാപനങ്ങളിലെ വിഭജിച്ചതും പുനഃക്രമീകരിച്ചതുമായ വാർഡുകളുടെ അടിസ്ഥാനത്തിൽ വോട്ടർ പട്ടിക ക്രമീകരിക്കുന്ന വാർഡ് മാപ്പിങ് നടപടികൾ ആരംഭിച്ചു.

**(മാധ്യമം, സെപ്റ്റംബർ 25)**

## കേരളത്തിൽ എസ്ഐആർ നീട്ടിവയ്ക്കണം - കേന്ദ്ര കമ്മീഷനോട് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ

കേരളത്തിലെ സമഗ്ര വോട്ടർ പട്ടിക പരിഷ്കരണം (എസ് ഐ ആർ) തദ്ദേശ തെരഞ്ഞെടുപ്പ് തീരും വരെ നീട്ടി വെക്കണമെന്ന ആവശ്യമുന്നയിച്ച് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ യു. ഖേൽക്കർ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന് കത്ത് നൽകി.

**(മാധ്യമം, സെപ്റ്റംബർ 23)**

## ഭിന്നശേഷിക്കാർക്ക് വോട്ടവകാശം ഉറപ്പാക്കും

**- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ**

ഭിന്നശേഷിക്കാർ ഉൾപ്പെടെയുള്ള എല്ലാ വിഭാഗങ്ങളെയും പൂർണമായി തിരഞ്ഞെടുപ്പിന്റെ ഭാഗമാക്കാൻ പ്രത്യേക ശ്രദ്ധ നൽകുമെന്നും ഇതിനുള്ള ശ്രമം ഊർജ്ജിതമായി തന്നെ തുടരുമെന്നും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ പറഞ്ഞു. മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ കാര്യാലയം നടത്തിയ 'എല്ലാവരെയും ഉൾക്കൊള്ളുന്ന തിരഞ്ഞെടുപ്പ് പങ്കാളിത്തം' എന്ന ഏകദിന ശില്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

**(മാതൃഭൂമി, സെപ്റ്റംബർ 12)**

## രാഷ്ട്രീയ പാർട്ടികൾക്ക് ചിഹ്നം അനുവദിച്ച് കരട് വിജ്ഞാപനമായി

തദ്ദേശസ്ഥാപന തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് രാഷ്ട്രീയപാർട്ടികൾക്ക് ചിഹ്നം അനുവദിച്ച് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ കരട് വിജ്ഞാപനം ഇറക്കി. പരാതികൾ 15 ദിവസത്തിനകം കമ്മീഷൻ സെക്രട്ടറിക്ക് രേഖാമൂലം സമർപ്പിക്കാം. കരട് വിജ്ഞാപനം കമ്മീഷന്റെ www.sec.kerala.gov.in വെബ്സൈറ്റിൽ പരിശോധിക്കാം.

**(ദേശാഭിമാനി, സെപ്റ്റംബർ 21)**

# തദ്ദേശസ്വയംഭരണസ്ഥാപനതിരഞ്ഞെടുപ്പും അധികാരവികേന്ദ്രീകരണവും






പി.ജെ ജെയിംസ്
ജോയിന്റ് സെക്രട്ടറി
സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

അധികാരം ജനങ്ങളിലേക്ക് എന്ന മുദ്രാവാക്യവുമായാണ് 1995ൽ അധികാര വികേന്ദ്രീകരണ പ്രക്രിയയുടെ ഭാഗമായി പുതിയ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ കേരളത്തിൽ പ്രവർത്തിച്ചു തുടങ്ങുന്നത്. അതിനുമുൻപും പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ഇവിടെ പ്രവർത്തിച്ചിരുന്നുവെങ്കിലും ജനങ്ങളുടെ സാമാന്യ ജീവിതവുമായി അഭേദ്യമായ ബന്ധം പുലർത്താൻ അവയ്ക്ക് കഴിഞ്ഞിരുന്നില്ല. പ്രദേശത്തിന്റെ തൽസ്ഥിതി നേരിൽകണ്ട് വിലയിരുത്താതെയും ജനങ്ങളുടെ ആവശ്യങ്ങൾ തൊട്ടടുത്ത് നിന്ന് നോക്കിക്കാണാതെയും അവയ്ക്ക് മുൻഗണന നിശ്ചയിക്കാതെയും, വിദൂരത്തിരുന്ന് ആരൊക്കെയോ ചേർന്ന് തയ്യാറാക്കുന്ന പദ്ധതികളുടെയും പരിപാടികളുടെയും പ്രാദേശിക നടത്തിപ്പുകാരോ വിതരണക്കാരോ ഏജൻസികളോ മാത്രമായിരുന്നു അന്നത്തെ തദ്ദേശ സ്ഥാപനങ്ങൾ. അങ്ങനെയുള്ള പദ്ധതികൾ എവിടെയോ ഇരുന്ന് തയ്യാറാക്കി എന്നെങ്കിലും നടപ്പിലാക്കുന്നതിനാൽ ധാരാളം ധനച്ചോർച്ചയും തുടർച്ചയില്ലായ്മയും സംഭവിക്കുന്നത് മൂലം പദ്ധതികൾ ലക്ഷ്യം വയ്ക്കുന്ന ഗുണഫലം പൂർണ്ണ തോതിൽ ജനവിഭാഗങ്ങൾക്കും പ്രദേശത്തിനും ലഭ്യമാകാതിരിക്കുകയും ചെയ്യുന്ന അവസ്ഥ വിശേഷമായിരുന്നു അന്നത്തെ പ്രധാന പോരായ്മ. ഇതിനിടയിൽ സംഭവിക്കുന്ന അഴിമതി, കെടുകാര്യസ്ഥത, ദുർവിനിയോഗം, നീതിനിഷേധം എന്നിവയ്ക്ക് ആർക്കും ഉത്തരവാദിത്വമില്ലാതിരിക്കുകയും ചെയ്യുന്ന അവസ്ഥയും അന്ന് സംജാതമായിരുന്നു. ഇതിനെല്ലാം ഒരു പരിഹാരം എന്ന നിലയ്ക്കാണ് ഭരണഘടന പദവിയോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രൂപം കൊള്ളുന്നത്.

പ്രാദേശിക വികസന പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിനും സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനും ലഭ്യമായ വിഭവങ്ങൾ മുൻഗണനാക്രമം നിശ്ചയിച്ചു വിതരണം ചെയ്യുന്നതിനും ഘടകപരമായ വിടവുകൾ നികത്തി തദ്ദേശ സ്വയംഭരണസ്ഥാപനത്തെ ഒരു യൂണിറ്റായി കണ്ട് ആസൂത്രണ പ്രക്രിയ നടത്തുന്നതിനും ഭരണഘടനയുടെ 11, 12 പട്ടികകളിൽ വിഭാവനം ചെയ്തിട്ടുള്ള വിഷയങ്ങൾ നടപ്പിൽ വരുത്തുന്നതിനും ആവശ്യമായ അധികാരാവകാശങ്ങളോടെയാണ് അവ സ്ഥാപിതമായിട്ടുള്ളത്. ഇപ്രകാരം ജനങ്ങളുടെ സർവ്വതോന്മുഖമായ പുരോഗതിയും പ്രദേശത്തിന്റെ സർവ്വതല സ്പർശിയായ വികസനവും ഉറപ്പുവരുത്തുന്ന നിയമനിർമാണമാണ് അധികാരവികേന്ദ്രീകരണത്തിന്റെ കാതൽ.

ഈ അധികാരവികേന്ദ്രീകരണ പ്രക്രിയ അനസ്യൂതം മുന്നോട്ടു കൊണ്ടു പോകുന്നത്, തിരഞ്ഞെടുപ്പിനു ശേഷം രൂപീകൃതമാകുന്ന ഭരണസമിതിയും തിരഞ്ഞെടപ്പ് പ്രക്രിയയിൽ ഏർപ്പെടുന്ന വോട്ടർമാരായ ജനങ്ങളുമാണ്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അധികാരവും ഉത്തരവാദിത്വവും വികേന്ദ്രീകൃത ആസൂത്രണ നിർവ്വഹണ പ്രക്രിയകളിൽ അധിഷ്ഠിതമാണ്. ഈ പ്രക്രിയയിൽ ഭാഗഭാക്കാകുന്നത് അവിടുത്തെ വോട്ടർമാരും, വോട്ടർമാരുടെ ഇടയിൽ നിന്നും നേരിട്ടുള്ള തിരഞ്ഞെടുപ്പിലൂടെ തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുമാണ്.

എന്താണ് കേരളത്തിലെ അധികാര വികേന്ദ്രീകരണത്തിന്റെ ആത്മാവ് ? അത് കേരളത്തിലെ തദ്ദേശവോട്ടർമാർക്ക് അധികാരത്തിൽപങ്കാളിത്തവും വിഭവങ്ങളുടെ വിനിയോഗത്തിൽ തീരുമാനമെടുക്കുന്നതിനുള്ള അവസരവും നിയമം മൂലം ഉറപ്പുവരുത്തിയിട്ടുണ്ട് എന്നുള്ളതാണ്. ഗ്രാമസഭ, വാർഡുസഭ എന്നീ സംവിധാനങ്ങളുടെ നിയമപരമായ സ്ഥാപനത്തിലൂടെയാണ് അത് ഉറപ്പാക്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് മുനിസിപ്പാലിറ്റികളിലെ ഓരോ നിയോജക മണ്ഡലത്തിലുമാണ് ഇത്തരം ഭരണഘടനാ സംവിധാനം സ്ഥാപിതമായിരിക്കുന്നത്. അവിടുത്തെ വോട്ടർമാർ ഉൾപ്പെട്ടതാണ് അവിടുത്തെ ഗ്രാമ-വാർഡുസഭകൾ. വിപുലമായ അധികാര അവകാശങ്ങളോടെയാണ് അവ പ്രവർത്തിക്കുന്നത്. സംസ്ഥാനത്തെ നിയമസഭയ്ക്ക് തുല്യമായ പദവിയാണ് ഭരണഘടന അവയ്ക്ക് കൽപ്പിച്ചിട്ടുള്ളത്.

ഓരോ ഗ്രാമപഞ്ചായത്ത് നിയോജകമണ്ഡലത്തിലെയും വോട്ടർമാരാണ് അവിടുത്തെ ഗ്രാമസഭാംഗങ്ങൾ. അവർക്ക് മാത്രമാണ് തങ്ങളുടെ പ്രതിനിധിയായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ ഭരണസമിതികളിൽ തങ്ങളുടെ ആവശ്യങ്ങൾ അവതരിപ്പിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനും ആ വിവരം ഗ്രാമസഭകളിൽ റിപ്പോർട്ട് ചെയ്യിപ്പിക്കുന്നതിനും

ചോദ്യം ചോദിക്കുന്നതിനും നിയമപരമായി അവകാശമുള്ളത്. ഒരു ഭരണസമിതിയംഗം നിയമപരമായി പാലിക്കേണ്ട കർത്തവ്യങ്ങൾ നിറവേറ്റുന്നതിൽ വീഴ്ച വരുത്തിയാലോ അവർ കളങ്കിതരാണെന്ന് ബോധ്യമായാലോ അവരെ തിരിച്ചു വിളിക്കുന്ന നടപടികൾ സ്വീകരിക്കാൻ അവകാശമുള്ളതും ഇതേ വോട്ടർമാർക്കാണ്. ഇതിനു സമാനമായ വ്യവസ്ഥകളാണ് മുനിസിപ്പാലിറ്റികളിലും ഉൾപ്പെടുത്തിയിട്ടുള്ളത്. ചുരുക്കിപ്പറഞ്ഞാൽ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള വോട്ടർമാരാണ് ആ തദ്ദേശസ്ഥാപനത്തിന്റെ സർവ്വതോന്മുഖമായ മുന്നേറ്റത്തിന് ആവശ്യമായ നയപരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതും ജനപ്രതിനിധികളോട് ചോദ്യങ്ങൾ ചോദിക്കേണ്ടതും. ഇത്തരത്തിലുള്ള വോട്ടർമാരുടെ അധികാരാവകാശ വിനിയോഗത്തിലൂടെയാണ് ഭരണഘടനയിൽ അടങ്ങിയിട്ടുള്ള പങ്കാളിത്ത ജനാധിപത്യം സാർത്ഥകമാകുന്നത്.

ഭരണഘടനയിൽ വിഭാവനം ചെയ്തിട്ടുള്ള അധികാരവികേന്ദ്രീകരണം യാഥാർത്ഥ്യമാകണമെങ്കിൽ ആദ്യമായി വേണ്ടത് രൂപീകരിക്കപ്പെടുകയോ പുനർരൂപീകരിക്കപ്പെടുകയോ ചെയ്യുന്ന അതാത് പഞ്ചായത്ത്, മുനിസിപ്പാലിറ്റികളിലെ വോട്ടർമാർ, അവയുടെ അതിർത്തിനിർണയ ഉത്തരവ് പ്രകാരം അവർക്ക് അവകാശപ്പെട്ട നിയോജകമണ്ഡലങ്ങളിലെ വോട്ടർപട്ടികയിൽ പേര് ഉൾപ്പെട്ടുവരികയെന്നതാണ്. അതിലൂടെ മാത്രമേ, അവരുടേതായ ശരിയായ ജനപ്രതിനിധികളെ തിരഞ്ഞെടുക്കാനുള്ള തടസ്സമില്ലാത്ത അവസരം അവർക്ക് ലഭിക്കുകയുള്ളൂ. അങ്ങനെ മാത്രമേ, അവർക്ക് ഭാവിയിൽ തങ്ങളുടെ പ്രതിനിധികളോട് ചോദ്യം ചോദിക്കുന്നതിനും അധികാരത്തിൽ പങ്കാളികളാകാനും കഴിയൂ. ഇത്തരത്തിൽ കൃത്യമായി വോട്ടർ പട്ടികയിൽ പേരുൾപ്പെടുത്തുന്നതിനുള്ള നിയമപരമായ ക്രമീകരണങ്ങൾ ഏർപ്പെടുത്താൻ ബന്ധപ്പെട്ട എല്ലാ അധികാരകേന്ദ്രങ്ങൾക്കും ഉത്തരവാദിത്വവും ബാധ്യതയുമുണ്ട്. നിഷ്പക്ഷവും നീതിപൂർവ്വവുമായ തിരഞ്ഞെടുപ്പ് പൂർണ അർത്ഥത്തിൽ അതിലൂടെ മാത്രമേ സാധിക്കൂ എന്നത് ഒരു വസ്തുത കൂടിയാണ്. അതിനുവേണ്ട മാർഗ്ഗനിർദ്ദേശം , നിയന്ത്രണം, മേൽനോട്ടം എന്നിവ കൃത്യമായി നൽകപ്പെടുന്നതിലൂടെ അത് സാധ്യമായി തീരുകയും ചെയ്യും. ഒരു തിരഞ്ഞെടുപ്പിലൂടെ കേവലം ജനപ്രതിനിധികളെ സൃഷ്ടിക്കുന്ന പ്രക്രിയ മാത്രമല്ല നടക്കുന്നത്. അതിനുമപ്പുറം അതൊരു ഭരണസംവിധാനത്തെ പ്രതിഷ്ഠിക്കുകയും അതിലൂടെ ഭരണഘടനയെ തന്നെ ചലിപ്പിക്കുകയുമാണ് ചെയ്യുന്നത്. കുറ്റമറ്റ രീതിയിലുള്ള തിരഞ്ഞെടുപ്പ് ഭരണഘടനയെ ശരിയായ രീതിയിൽ ചലിപ്പിക്കും.

# തദ്ദേശ തെരഞ്ഞെടുപ്പ് ഹരിതചട്ടം പാലിച്ച്

തദ്ദേശ തിരഞ്ഞെടുപ്പ് സമ്പൂർണ്ണമായും ഹരിതചട്ടം പാലിച്ചും പരിസ്ഥിതി സൗഹൃദമായും നടത്താൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ വിളിച്ച തദ്ദേശ വകുപ്പിലെ വിവിധ ഏജൻസികളുടെ യോഗം തീരുമാനിച്ചു. യോഗം ഇത് സംബന്ധിച്ച കർമ്മപരിപാടിക്ക് രൂപം നൽകി. പൊതുജനങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ നൽകുന്നതിന് ഒക്ടോബർ 10 വരെ അവസരം ഉണ്ടാകും. തിരഞ്ഞെടുപ്പ് പ്രഖ്യാപനം മുതൽ ഫലപ്രഖ്യാപനം വരെ ഹരിതചട്ടം പാലിക്കുന്നുവെന്ന് തദ്ദേശ വകുപ്പ്, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, കുടുംബശ്രീ, ഹരിത കർമ്മ സേന എന്നിവരുടെ പങ്കാളിത്തത്തോടെ ഉറപ്പാക്കും. ഇതിനായി തിരഞ്ഞെടുപ്പ് കമ്മീഷന്റെ നേതൃത്വത്തിൽ സംസ്ഥാനതലത്തിലും കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലകളിലും നിരീക്ഷണ സമിതികൾ രൂപീകരിക്കും. പ്രചാരണത്തിനായി ഉപയോഗിക്കുന്ന




അച്ചടി സാമഗ്രികളിൽ നിരോധിത വസ്തുക്കൾ ഉപയോഗിച്ചിട്ടില്ലെന്ന് രാഷ്ട്രീയപാർട്ടികളും സ്ഥാനാർത്ഥികളും ഉറപ്പാക്കണം. നിരോധിത വസ്തുക്കൾ ഉപയോഗിച്ചതായി കണ്ടെത്തിയാൽ പിഴ ഈടാക്കും. തദ്ദേശ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ടി.വി. അനുപമ, പ്രിൻസിപ്പൽ ഡയറക്ടർ ജെറോമിക് ജോർജ്, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എച്ച്. ദിനേശൻ, ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ യു.വി. ജോസ്, തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി ബി. എസ്. പ്രകാശ് തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

**Chief Editor:** B.S. Prakash
**Editor:** K.M. Ayyappan

**Editorial Team:**
Sureshkumar.A
James.P.J

**Photography:**
I&PRD
Aravind.M.A

**Layout:**
Bridgingdots
Media Solutions

* ലേഖനങ്ങളിലെ അഭിപ്രായം ലേഖകരുടേത് മാത്രമാണ്

## പഞ്ചായത്ത്, നഗരസഭ തിരഞ്ഞെടുപ്പ് 2025

# GREEN ELECTION CLEAN ELECTION